**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1634** **31-08-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത് ഏത് വർഷമാണെന്ന് വെളിപ്പെടുത്താമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019 ലെ 26 ആം നമ്പർ ആക്ട്) അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2020 ഒക്ടോബർ 13-ാം തീയതിയിലെ സ.ഉ.(പി) 19/2020/കൃഷി നമ്പരായി പുറപ്പെടുവിച്ചതും 2020 ഒക്ടോബർ 14-ാം തീയതിയിലെ 2422-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 708/2020 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു |
| (ബി) | കർഷക ക്ഷേമനിധി പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | "കേരള കർഷക ക്ഷേമനിധി പദ്ധതി" യുടെ കരട് ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9**<br>Vol. IX | **തിരുവനന്തപുരം, ബുധൻ**<br>Thiruvananthapuram, Wednesday | **2020 ഒക്ടോബർ 14**<br>14th October 2020<br>**1196 കന്നി 28**<br>28th Kanni 1196<br>**1942 ആശ്വിനം 22**<br>22nd Aswina 1942 | **നമ്പർ**<br>No. | **2422** |

**കേരള സർക്കാർ**

കൃഷി (പിബി) വകുപ്പ്

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 19/2020/കൃഷി.

*തിരുവനന്തപുരം, 2020 ഒക്ടോബർ 13*
*1196 കന്നി 27*
*1942 ആശ്വിനം 21.*

**എസ്. ആർ. ഒ. നമ്പർ 708/2020**

2019-ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019-ലെ 26) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെ പട്ടികയിൽ പറയുന്ന ചെയർമാനെയും ഡയറക്ടർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

| ക്രമ നമ്പർ | | അംഗങ്ങൾ |
|---|---|---|
| 1 | | ഡോ. പി. രാജേന്ദ്രൻ, TC 76/1935, MNRA 197A, അമ്മു, ആനയറ പി. ഒ. തിരുവനന്തപുരം—ചെയർമാൻ |
| 2 | | കാർഷികോത്പാദന കമ്മിഷണർ—ഡയറക്ടർ |
| 3 | | സെക്രട്ടറി, കൃഷിവകുപ്പ്—ഡയറക്ടർ |
| 4 | | ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്—ഡയറക്ടർ |
| 5 | | ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്—ഡയറക്ടർ |
| 6 | | ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ—ഡയറക്ടർ |
| 7 | | നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ—ഡയറക്ടർ |
| 8 | | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം—ഡയറക്ടർ |
| 9 | | ഡോ. പി. ഇന്ദിരാദേവി (കാർഷിക മേഖലയിൽ നിന്നുള്ള വിദഗ്ധ) 21, പ്രണവം, ത്രിവേണി ഗാർഡൻസ്, പൂങ്കോൾ, തൃശൂർ, 680 004—ഡയറക്ടർ |
| 10 | (i) | അജിത സാബു (വനിത), കൊരട്ടിത്തടത്തിൽ, പേരൂർ പി. ഒ., കോട്ടയം-686 637—ഡയറക്ടർ |
| | (ii) | അഡ്വ. എസ്. കെ. പ്രീജ (വനിത), പുല്ലുവിളാകത്ത്, പള്ളിച്ചൽ സദാശിവൻ റോഡ്, പ്രാവച്ചമ്പലം, തിരുവനന്തപുരം—ഡയറക്ടർ |
| | (iii) | ഡി. രവി (പട്ടികജാതി), ദാസ് നിവാസ്, മട്ടത്തുകാട്, വട്ടലക്കി അഗളി, പാലക്കാട് 82—ഡയറക്ടർ |
| | (iv) | എ. ഒ. ഗോപാലൻ (പട്ടികവർഗ്ഗം), അറവനാഴി വീട്, വാകേരി പി. ഒ., സുൽത്താൻ ബത്തേരി, വയനാട്-673 592—ഡയറക്ടർ |
| | (v) | ബി. എ. അഷറഫ്, യുവ കർഷകൻ, ഷാഫി ബയോടെക്, പൂക്കാട്ട്പടി, എടത്തല പി. ഒ., എറണാകുളം ജില്ല—ഡയറക്ടർ |
| | (vi) | അഡ്വ. ജോയിക്കുട്ടി ജോസ് (നെൽകർഷകൻ), ഇല്ലിക്കൽ, പേരാമ്പ്ര പി. ഒ., കുട്ടനാട്, ആലപ്പുഴ—ഡയറക്ടർ |
| | (vii) | മാത്യു വർഗ്ഗീസ് (ജനറൽ വിഭാഗം), വേങ്ങാപള്ളിൽ, കാളിയാർ പി. ഒ., ഇടുക്കി—ഡയറക്ടർ |
| | (viii) | കെ. വി. വസന്തകുമാർ (ജനറൽ വിഭാഗം), കുറ്റുകുരുത്തിൽ വീട്, പാറപ്പുറം, കുട്ടൂർ പി. ഒ., തൃശൂർ—ഡയറക്ടർ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| *ക്രമ നമ്പർ* | *അംഗങ്ങൾ* |
|---|---|
| (ix) | അഡ്വ. സി. എച്ച്. കുഞ്ഞമ്പു (ജനറൽ വിഭാഗം), ശ്രുതി നിലയം, വിദ്യാനഗർ പി. ഒ., കാസർഗോഡ്—ഡയറക്ടർ |
| (x) | ലാൽ വർഗിസ് കല്പകവാടി (ജനറൽ വിഭാഗം), ഹൗസ് നമ്പർ 13/619, കല്പകവാടി, തോട്ടപ്പള്ളി പി. ഒ., ആലപ്പുഴ—ഡയറക്ടർ |
| (xi) | കെ. ജി. ഹരികുമാർ (ജനറൽ വിഭാഗം), പ്രിയം, കറ്റാനം, പള്ളിക്കൽ പി. ഒ., കായംകുളം-690 503—ഡയറക്ടർ |
| (xii) | ജോസ് കുറ്റ്യാനിമറ്റം (ജനറൽ വിഭാഗം), പാലാ, പാലാ പി. ഒ., കോട്ടയം-686 575—ഡയറക്ടർ |
| (xiii) | അബ്ദുൾ അസീസ്. കെ. എ. (ജനറൽ വിഭാഗം), ചൗക്കികുന്നിൽ, കുഡ്‌ലു പി. ഒ., കാസർഗോഡ്-671 124—ഡയറക്ടർ |
| (xiv) | ജോസ് ചെമ്പേരി (ജനറൽ വിഭാഗം), പുളിക്കൽ ഹൗസ്, ചെമ്പേരി പി. ഒ., കണ്ണൂർ-670 632—ഡയറക്ടർ |
| 11 | ശ്രീ. സുബ്രഹ്മണ്യൻ IIS, ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്—മെമ്പർ സെക്രട്ടറി (ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധിക ചുമതല). |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. രത്തൻ യു. കേൽക്കർ,

*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് (2019-ലെ 26) 2019 ഡിസംബർ 20-ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ആക്ടിന്റെ 11-ാം വകുപ്പ് പ്രകാരം കർഷക ക്ഷേമനിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും, നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി (3), (4) ഉപവകുപ്പുകൾ പ്രകാരം ബോർഡിന്റെ ചെയർമാനെയും മറ്റ് ഡയറക്ടർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ബോർഡ് രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/